ഉത്തരം.

(എ) മരച്ചീനികർഷകരിൽനിന്ന സഹകരണസംഘങ്ങൾവഴി വാങ്ങുന്ന പദ്ധതിയിൽ കൊച്ചി–കണയന്നൂർ താലൂക്കിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

അരി, പാൽ വിതരണകേന്ദ്രം.

326. [16] ശ്രീ. എൻ. ജി. ചാക്കൊ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ തോന്ന്യാമല എന്ന സ്ഥലത്തു ഒരു സൗജന്യ അരിവിതരണകേന്ദ്രം, അനുവദിക്കണമെന്നു കാണിച്ച് വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(ബി) ടി കേന്ദ്രം അനുവദിക്കുന്നതിനു ദയവുണ്ടാകുമോ?

ഉത്തരം.

(എ) Mr. M. J. Koshi, Grama committee, Thonniamala, എന്ന പേരിൽ ഒരു സൗജന്യഅരിവിതരണകേന്ദ്രം ഇപ്പോൾ അവിടെ നടത്തിവരുന്നുണ്ട്. വേറെ ആരിൽനിന്നും നിവേദനം കിട്ടിയിട്ടുള്ളതായി കാണുന്നില്ല.

(ബി) ഉദിക്കുന്നില്ല.

ബൈവീക്കിലി ഡിസ്പെൻസറി.

327. [17] ശ്രീ. എൻ. ജി. ചാക്കൊ : താഴെ കാണുന്ന ചോദ്യത്തിനു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട താലൂക്കിൽ ഓമല്ലൂർ എന്ന സ്ഥലത്തും, കുഴിക്കാല എന്ന സ്ഥലത്തും നാരങ്ങാനം എന്ന സ്ഥലത്തും ഓരോ ബൈവീക്കിലി ഡിസ്പെൻസറി ആരംഭിക്കുമോ?

ഉത്തരം.

പുതിയ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനെപ്പറ്റിയും, മറ്റും റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ശുപാർശകളെ സംബന്ധിച്ച് ഒരു തീരുമാനമെടുത്തതിനു ശേഷമേ ഇതിനെപ്പറ്റി ആലോചിക്കുവാൻ നിവൃത്തിയുള്ളൂ.

Paddy fields.

328. [18] SHRI T. T. DANIEL: Will the Minister for Revenue be pleased to state:

(*a*) the total number of acres of paddy fields in Thovala, Agastiswaram, Kalkulam and Vilavancode;

(*b*) the area in each Taluk separately?

LIBRARY ARCHIVES Kerala Legislative Assembly

Answer

(*a*)	Acres	Cents	Sq. Links	
	67,012	96	164	
(*b*)	Taluks	Acres	Cents	Sq. Links
	Thovala	12,037	61	344
	Agastiswaram	24,926	83	0
	Kalkulam	22,308	51	820
	Vilavancode	7,740	0	0

അധഃകൃത കോളനി.

329. [19] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ പല്ലുറവ് എന്ന സ്ഥലത്ത് അധഃകൃതർക്ക് ഒരു കോളനി സ്ഥാപിക്കുവാൻ 1954-ൽ കല്പനയായിട്ടുണ്ടോ;

(ബി) അതിന്റെ നടപടി ഇപ്പോൾ എങ്ങിനെയിരിക്കുന്നു;

(സി) ഇവിടെ ക്രമപ്രകാരം ഒരു കോളനിയാകണമെങ്കിൽ എത്ര കൊല്ലം വേണ്ടിവരുമെന്നാണ് ഗവണ്മെന്റ് കണക്കാക്കുന്നത്?

ഉത്തരം.

(എ) ഉണ്ട്, കല്പന 1953-ലാണ് ഉണ്ടായത്.

(ബി) കോളനി സ്ഥാപിക്കുന്നതിനു് സ്ഥലം വിലയ്ക്കെടുത്തു കഴിഞ്ഞു.

(സി) താമസിയാതെ കോളനി തുടങ്ങും.

വനങ്ങളിൽനിന്നും അനധികൃതമായി വൃക്ഷങ്ങൾ മുറിച്ചതു സംബന്ധിച്ചുള്ള കേസുകൾ.

330. [20] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലുള്ള വനങ്ങളിൽനിന്നും അനധികൃതമായി വൃക്ഷങ്ങൾ മുറിച്ചതു സംബന്ധിച്ചു് എത്ര കേസുകൾ ഈ വർഷത്തിൽ എടുത്തിട്ടുണ്ട്;

(ബി) അതിൽ എത്രയെണ്ണം ശിക്ഷിച്ചിട്ടുണ്ട്;

(സി) ശിക്ഷിച്ച ഇനത്തിൽ എത്ര രൂപ ഗവണ്മെന്റിലേയ്ക്കു വരുമാനം ഉണ്ടായിട്ടുണ്ട്?

ഉത്തരം.

(എ) 172 കേസുകൾ.

(ബി) 39 കേസുകൾ കോടതി മുഖേന ശിക്ഷിക്കുകയും നാലെണ്ണം ഡിപ്പാർട്ടുമെന്റിൽനിന്നു് പരിഹാരം ഈടാക്കിക്കൊണ്ടു് തീർക്കുകയും ചെയ്തു.

(സി) കോടതിയിൽനിന്നും 318 രൂപ ശിക്ഷിച്ചിട്ടുണ്ട്. 120 രൂപ പരിഹാരം വകയിൽ ഡിപ്പാർട്ടുമെന്റിനു കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly